# PAPER-III
# MALAYALAM

**Signature and Name of Invigilator**

1. (Signature) ____________________________

   (Name) ____________________________

2. (Signature) ____________________________

   (Name) ____________________________

OMR Sheet No. : ...............................................

(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No.________________________________

(In words)

| J | 2 | 2 | 1 | 6 |
|---|---|---|---|---|

Time : 2 $^1/_2$ hours] [Maximum Marks : **150**

Number of Pages in this Booklet : **16**

Number of Questions in this Booklet : **75**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of seventy five multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered on the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (1), (2), (3) and (4). You have to darken the circle as indicated below on the correct response against each item.
   **Example :** ① ② ● ④
   where (3) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Booklet only.** If you mark your response at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry original question booklet and duplicate copy of OMR Sheet on conclusion of examination.
10. **Use only Black Ball point pen provided by C.B.S.E.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचहत्तर बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए पुस्तिका पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद प्रश्न-पुस्तिका का नंबर OMR पत्रक पर अंकित करें और OMR पत्रक का नंबर इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (1), (2), (3) तथा (4) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है :
   **उदाहरण** : ① ② ● ④
   जबकि (3) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पुस्तिका के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर मूल प्रश्न-पुस्तिका तथा OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल C.B.S.E. द्वारा प्रदान किये गये काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं ।**

# മലയാളം
# MALAYALAM
## Paper – III

**Note :** This paper contains **seventy five (75)** objective type questions of **two (2)** marks each. **All** questions are compulsory.

**കുറിപ്പ് :** ഈ ചോദ്യക്കടലാസ്സിൽ **എഴുപത്തിയഞ്ച് (75)** ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക് വീതം. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

**1.** ഏത് കൃതിയുടെ കാലഗണനയ്ക്കാണ് 'ആനയച്ച്' എന്ന ചോള നാണയം ഇളംകുളം കുഞ്ഞൻപിള്ള പരിഗണിക്കുന്നത് ?

(1) ഉണ്ണിയാടി ചരിതം
(2) ഉണ്ണിച്ചിരുതേവീ ചരിതം
(3) വൈശികതന്ത്രം
(4) ഉണ്ണിയച്ചീ ചരിതം

**2.** മലയാള ഭാഷോല്പത്തി സിദ്ധാന്തങ്ങൾ – ചേരുംപടി ചേർക്കുക.

| **പട്ടിക I** | **പട്ടിക II** |
|---|---|
| a. സ്വതന്ത്രശാഖ | i. വടക്കുംകൂർ രാജരാജവർമ്മ |
| b. തമിഴിന്റെ സഹോദരി | ii. ആറ്റൂർ കൃഷ്ണപിഷാരടി |
| c. സംസ്കൃതജന്യം | iii. ഇളംകുളം കുഞ്ഞൻപിള്ള |
| d. കൃത്രിമ മിശ്രഭാഷാജന്യം | iv. ഹെർമ്മൻ ഗുണ്ടർട്ട് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | iv | i | iii |
| (2) | iv | ii | i | iii |
| (3) | ii | i | iv | iii |
| (4) | ii | iii | iv | i |

**3.** **കാര്യം** : കർണാടകരും തെലുങ്കരും ദ്രാവിഡനാണെന്ന് ചിലർ പറയുന്നത് ശരിയല്ല എന്ന് ലിലാതിലകകാരൻ പറയുന്നു.

**കാരണം** : (a) ദ്രാവിഡ സംഘാതപാഠം അവർക്കില്ല.

(b) അവരുടെ ഭാഷ തിരുവായ്മൊഴിയിൽ നിന്ന് വ്യത്യസ്തമാണ്.

(1) കാര്യം ശരി, കാരണം (a) മാത്രം ശരി.
(2) കാര്യവും കാരണങ്ങളും ശരി.
(3) കാര്യം ശരി, കാരണം (b) മാത്രം ശരി.
(4) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്.

4. ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | കെ. ഗോദവർമ്മ | i. | പൂർവ കേരള ഭാഷ |
| b. | എൽ.വി. രാമസ്വാമി അയ്യർ | ii. | രാമചരിതം ആൻഡ് ദ സ്റ്റഡി ഓഫ് ഏർലി മലയാളം |
| c. | കെ.എം. പ്രഭാകര വാരിയർ | iii. | മലയാളത്തിന്റെ വളർച്ച |
| d. | കെ.എം. ജോർജ്ജ് | iv. | ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി |
| | | v. | കേരളഭാഷാവിജ്ഞാനീയം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iv | ii | i |
| (2) | iii | v | iv | ii |
| (3) | v | iv | i | ii |
| (4) | iv | iii | i | v |

5. ഊനമറ്റെഴുമിരാമചരിതത്തിലൊരു തെല്ല്
……….ഉര ചെയ്‌വാൻ' – വിട്ടുപോയ ഭാഗം

(1) ഊഴിയിൽ ചെറിയവർക്കറിയുമാറ്
(2) ഊഴിയിൽ പെരിയവർക്കറിയുമാറ്
(3) ഊഴിയിൽ വലിയവർക്കറിയുമാറ്
(4) ഊഴിയിൽ കുറിയവർക്കറിയുമാറ്

6. **കാര്യം** : കൃഷ്ണഗാഥയിലെ ഭാഷയും നിരണം കൃതികളിലെ ഭാഷയും തമ്മിൽ വലിയ അന്തരമുണ്ട്.

**കാരണം** : (a) ദേശഭേദം
(b) ന്റെ പ്രയോഗങ്ങൾ, മണിപ്രവാള ശൈലിയിലുള്ള വ്യവഹിത സമാസങ്ങൾ, ഉളനായ് മുതലായി പിൽക്കാലത്ത് ഖിലമായ പ്രയോഗങ്ങൾ തുടങ്ങിയവ കൃഷ്ണഗാഥയിലില്ല.

(1) കാര്യം ശരി, കാരണം തെറ്റ്.
(2) കാര്യം ശരി, കാരണം (a) മാത്രം ശരി.
(3) കാര്യം ശരി, കാരണം (b) മാത്രം ശരി.
(4) കാര്യം ശരി, കാരണങ്ങൾ രണ്ടും ശരി.

7. "തമിഴ് സംസ്കൃതമെന്റുള്ള സുമനസ്സുകൾ കൊണ്ടൊരു
ഇണ്ടമാല തൊടുക്കിന്റേൻ പുണ്ഡരീകാക്ഷ പൂജയായ്" - കൃതി

(1) ഉണ്ണുനീലി സന്ദേശം (2) മന്ത്രാംങ്കം
(3) അനന്തപുരവർണ്ണനം (4) ഉണ്ണിച്ചിരുതേവി ചരിതം

8. അമലജലപൂരിതാ ഹസ്തിനപുരത്തടു-
ത്തമരനദിയെന്റെ പോൽ ചൂർണ്ണിമേവിന്റെടം – നഗരം ഏത് ?

(1) കൊച്ചി (2) കൊല്ലം
(3) കോഴിക്കോട് (4) കൊടുങ്ങല്ലൂർ

9. 'മുളെങ്കൊമ്പ്' എന്ന സന്ധികാര്യം വിവരിക്കാൻ ലീലാതിലകം നൽകുന്ന സൂത്രം
   (1) മസ്യയഥായോഗം കാദിഷു പഞ്ചമ:
   (2) ക്വചിദദാദിദൂർഭ്യ: പരസ്യപഞ്ചമ:
   (3) ളോനേ
   (4) നോണ

10. അസ്തഗിരീശ്വര മസ്തകസീമനി
    ഭാസ്കര ഭഗവാൻ മറയുന്നേരം - ഈ വർണ്ണന ഏതു ചമ്പുവിൽ ?
    (1) ഭാഷാനൈഷധം ചമ്പു (2) കൊടിയ വിരഹം
    (3) തെങ്കൈല നാഥോദയം (4) രാമായണം ചമ്പു

11. ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | മൊഹിയുദ്ദീൻ മാല | i. | മോയിൻകുട്ടി വൈദ്യർ |
| b. | ബദറുൻ മുനീർ ഹുസനുൽ ജമാൽ | ii. | പുന്നയൂർകുളം ബാപ്പു |
| c. | വലിയ നസീഹത് മാല | iii. | മാനക്കാരകത്ത് കുഞ്ഞിക്കോയ |
| d. | സഫലമാല | iv. | ഖാസി മുഹമ്മദ് |
| | | v. | മൊയ്തു മുസലിയാർ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | i | iii | v |
| (2) | i | iv | ii | v |
| (3) | i | iii | ii | iv |
| (4) | ii | iv | i | iii |

12. ശാസനങ്ങൾ പഠിച്ചില്ലെങ്കിലും കൗടലീയം ശരിയായി പഠിച്ചാൽ പ്രാചീന ഭാഷാ സാഹിത്യത്തിൽ ഒരു പ്രവേശം ലഭിക്കുമെന്നുള്ളതിൽ സംശയമില്ല – ഈ പ്രസ്താവം ആരുടെ ? ഏതു കൃതിയിൽ ?
    (1) ഇളംകുളം കുഞ്ഞൻപിള്ള – അന്നത്തെ കേരളം
    (2) ശൂരനാട്ട് കുഞ്ഞൻപിള്ള – കൈരളീ സമീക്ഷ
    (3) ഇളംകുളം കുഞ്ഞൻപിള്ള – കേരളഭാഷയുടെ വികാസ പരിണാമങ്ങൾ
    (4) തിരുനല്ലൂർ കരുണാകരൻ – മലയാള ഭാഷാ പരിണാമം : സിദ്ധാന്തങ്ങളും വസ്തുതകളും

13. അംഗുലീയാങ്കം ആട്ടപ്രകാരം ഏത് നാടകവുമായി ബന്ധപ്പെട്ടതാണ് ?
    (1) പ്രതിജ്ഞായൗഗന്ധരായണം (2) സ്വപ്നവാസവദത്തം
    (3) ഭഗവദജ്ജുകീയം (4) ആശ്ചര്യചൂഡാമണി

**14.** വരികളും കാണ്ഡങ്ങളും ചേരുംപടി ചേർക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | ഇടിവെട്ടീടും വണ്ണം<br>വിൽമുറിഞ്ഞൊച്ച കേട്ടു<br>നടുങ്ങീ രാജാക്കന്മാരുര-<br>ഗങ്ങളെപ്പോലെ | i. | കിഷ്ക്കിന്ധാകാണ്ഡം |
| b. | ദണ്ഡകാരണ്യത്തിനാശു നീ<br>പോകിൽ ഞാൻ<br>ദണ്ഡ ധാരാലയത്തിന്നു<br>പോയിടുവൻ | ii. | ആരണ്യകാണ്ഡം |
| c. | മായാ നിർമ്മിതമായ കനകമൃഗം കണ്ടു<br>മായാ സീതയും രാമചന്ദ്രനോടുരചെയ്താൾ | iii. | സുന്ധരകാണ്ഡം |
| d. | ഋഷ്യമൂകാചലം സങ്കേതമായ് വന്നു<br>വിശ്വാസമോടിരിക്കുന്നതിതർക്കാത്മജൻ | iv. | ബാലകാണ്ഡം |
| | | v. | അയോദ്ധ്യാകാണ്ഡം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | v | ii | i |
| (2) | v | ii | iii | iv |
| (3) | ii | v | iv | iii |
| (4) | iv | v | iii | i |

**15.** കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ – ആരുടെ വരികൾ ? കൃതി ഏത് ?

(1) കുഞ്ചൻനമ്പ്യാർ – സ്യമന്തകം

(2) എഴുത്തച്ഛൻ – മഹാഭാരതം കിളിപ്പാട്ട്

(3) പൂന്താനം – സന്താനഗോപാലം

(4) എഴുത്തച്ഛൻ – ആദ്ധ്യാത്മരാമായണം കിളിപ്പാട്ട്

**16.** **കാര്യം** : കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന് ചരിത്രപരവും സാംസ്കാരികവുമായ കാരണങ്ങളുണ്ട്.

**കാരണം** : (a) എഴുത്തച്ഛനു മുമ്പുള്ള കാലഘട്ടം പ്രദർശിപ്പിച്ച വിശ്വാസ രാഹിത്യവും ഛിദ്രവാസനകളും

(b) സദാചാര സങ്കല്പങ്ങൾക്കുണ്ടായ തകർച്ചയും കിടമത്സര-യുദ്ധ ദുരന്തങ്ങളും

(c) കേരളീയമായ കാരണങ്ങൾ ഭക്തിപ്രസ്ഥാനത്തിനില്ല. ഉത്തരേന്ത്യ-യിലെ ഭക്തിപ്രസ്ഥാനത്തിന്റെ അനുകൃതിമാത്രമായാണ് അതു പിറന്നത്.

(1) കാര്യം ശരി, കാരണം (a) മാത്രം ശരി.

(2) കാര്യം ശരി, കാരണം (a) യും (c) യും ശരി.

(3) കാര്യം ശരി, കാരണം (c) മാത്രം ശരി.

(4) കാര്യം ശരി, കാരണം (a) യും (b) യും ശരി.

17. ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | ബുദ്ധചരിതം | i. | ഒളപ്പമണ്ണ |
| b. | ഡോക്ടർ ഫൗസ്റ്റ് | ii. | വി.വിജയൻ |
| c. | അംബ | iii. | വള്ളത്തോൾ നാരായണമേനോൻ |
| d. | ഔഷധാഹരണം | iv. | അയ്മനം കൃഷ്ണക്കൈമൾ |
| | | v. | എൻ.വി. കൃഷ്ണവാരിയർ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iv | i | iii |
| (2) | iv | i | iii | ii |
| (3) | v | iv | ii | i |
| (4) | v | iv | iii | i |

18. ഇരയിമ്മൻ തമ്പിയുടെ ആട്ടക്കഥകൾ
   (1) കീചകവധം, കല്യാണസൗഗന്ധികം, ഉത്തരാസ്വയംവരം
   (2) കിർമ്മീരവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം
   (3) കീചകവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം
   (4) കംസവധം, കാളിയമർദ്ദനം, ദക്ഷയാഗം

19. ശരിയായക്രമം എത് ?
   (1) കാന്താരതാരകം – സഹൃദയരഞ്ജിനി – രസികകൗതുകം – ദീപിക
   (2) സഹൃദയരഞ്ജിനി – കാന്താരതാരകം – രസികകൗതുകം – ദീപിക
   (3) സഹൃദയരഞ്ജിനി – ദീപിക – കാന്താരതാരകം – രസികകൗതുകം
   (4) ദീപിക – കാന്താരതാരകം – സഹൃദയരഞ്ജിനി – രസികകൗതുകം

20. **കാര്യം** : നമ്പ്യാരുടെ ചിരി കേവല പരിഹാസത്തിന്റെയും ആക്ഷേപ ഹാസ്യത്തിന്റെയും ചിരിയല്ല.

   **കാരണം** : (a) സമൂഹജീവിത വൈപരീത്യങ്ങളുടെ സൂചകവും പരിഹാരവുമായി നമ്പ്യാർ ചിരിയെ ഉപയോഗപ്പെടുത്തി.
   (b) നമ്പ്യാർക്ക് കവിത വിനോദാപാധിയായിരുന്നു.

   (1) കാര്യം ശരി, കാരണം രണ്ടും ശരി.
   (2) കാര്യം ശരി കാരണം (a) മാത്രം ശരി.
   (3) കാര്യം ശരി, കാരണം (b) മാത്രം ശരി.
   (4) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്.

21. കർത്താവ് തന്നെ 'ഗീതപ്രബന്ധം' എന്നു വിശേഷിപ്പിച്ചത്
   (1) പൂരപ്രബന്ധം (2) സീതാസ്വയംവരം
   (3) ഉത്സവപ്രബന്ധം (4) ഗിരിജാ കല്യാണം

22. ഇൻകുനാബുല എന്നറിയപ്പെടുന്നത്
   (1) ആദ്യകാല മുദ്രണശാലകൾ അച്ചടിച്ച പുസ്തകസമുച്ചയം
   (2) കൈയ്യെഴുത്തു പ്രതികളുടെ ശേഖരം
   (3) ഗുട്ടൻബർഗ് അച്ചടിച്ച ബൈബിൾ ശേഖരം
   (4) മാർക്സിയൻ ഗ്രന്ഥങ്ങളുടെ ശേഖരം

23. സ്ത്രീ സ്വാതന്ത്ര്യത്തിനും സ്ത്രീകളുടെ അവകാശങ്ങൾക്കും വേണ്ടി വാദിച്ച ആദ്യവനിതാ മാസിക

(1) ഭാഷാശാരദ (2) വനിതാകുസുമം
(3) ശാരദ (4) ശ്രീമതി

24. ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | പാടത്തിൻകരെ നിളെ നീലനിറമായ് വേലിക്കൊരാഘോഷമായ് | i. | വെണ്മണി വിഷ്ണു നമ്പൂതിരി |
| b. | മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മുടീട്ടു ….. | ii. | ഒറവങ്കര |
| c. | ചൂടായ്കിൽ തുളസീദളം യമഭടത്തല്ലിന്നു ചൂടായ്‌വരും | iii. | നടുവത്തച്ഛൻ |
| d. | മർത്ത്യാകാരേണ ഗോപീവസനനിര കവർന്നോരുദൈത്യാരിയെ | iv. | ചേലപ്പറമ്പു നമ്പൂതിരി |
| | | v. | പൂന്തോട്ടം നമ്പൂതിരി |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | i | ii | iv |
| (2) | i | ii | iv | iii |
| (3) | iv | v | iii | i |
| (4) | iv | v | i | ii |

25. താഴെക്കൊടുത്തിരിക്കുന്നതിൽ വള്ളത്തോളിന്റേതല്ലാത്ത രചന

(1) കിളിക്കൊഞ്ചൽ (2) ജാതകം തിരുത്തി
(3) ഇരുമ്പിന്റെ നൈരാശ്യം (4) യുവഭിക്ഷു

26. നിൽക്കുമീനിൽപ്പിൽ നിൽക്കാതെ
നീങ്ങി മുന്നോട്ടു പോയിടാം
പിടിച്ചു തള്ളു മല്ലെങ്കിൽ
പിന്നിൽ നിന്നു വരുന്നവർ – എഴുതിയത്

(1) വള്ളത്തോൾ (2) ഉള്ളൂർ
(3) വൈലോപ്പിള്ളി (4) ഇടശ്ശേരി

27. ചേരുംപടി ചേർക്കുക.

| പട്ടിക I | | പട്ടിക II | |
|---|---|---|---|
| a. | പി. പവിത്രൻ | i. | ലീലാകാവ്യം വീണ്ടും പരിശോധിക്കുമ്പോൾ |
| b. | പ്രസന്നരാജൻ | ii. | ആശാൻ കവിത : ആധുനികാനന്തര പാഠങ്ങൾ |
| c. | നിത്യചൈതന്യയതി | iii. | ആശാന്റെ ലീല |
| d. | കരിമ്പുഴ രാമകൃഷ്ണൻ | iv. | നളിനി എന്ന കാവ്യശില്പം |
| | | v. | ആശാൻ നവോത്ഥാനത്തിന്റെ കവി |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | i | iv | iii |
| (2) | ii | iv | iii | i |
| (3) | ii | i | iv | v |
| (4) | i | iv | iii | ii |

**28.** കത്തിയടർന്നു, മനയോലപോയ്, കവിൾ
വീർത്തു വിഷണ്ണനായ് ദ്വാരകാപാലകൻ - എഴുതിയത്

(1) പി. കുഞ്ഞിരാമൻ നായർ (2) വയലാർ രാമവർമ്മ
(3) ജി. ശങ്കരക്കുറുപ്പ് (4) ഒളപ്പമണ്ണ

**29.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** | |
|---|---|---|---|
| a. | ഗസൽ | i. | വീരാൻകുട്ടി |
| b. | വെയിൽ തിന്നുന്ന പക്ഷി | ii. | ബാലചന്ദ്രൻ ചുള്ളിക്കാട് |
| c. | കാണെക്കാണെ | iii. | എ. അയ്യപ്പൻ |
| d. | ജലഭൂപടം | iv. | പി.പി. രാമചന്ദ്രൻ |
| | | v. | അനിത തമ്പി |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | iii | v | iv |
| (2) | iii | ii | i | v |
| (3) | iii | i | iv | v |
| (4) | ii | iii | iv | i |

**30.** പ്രസിദ്ധീകരണ വർഷമനുസരിച്ച് ശരിയായ ക്രമം :

(1) ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, തലമുറകൾ
(2) തലമുറകൾ, ഖസാക്കിന്റെ ഇതിഹാസം, ഗുരുസാഗരം, ധർമ്മപുരാണം
(3) ഗുരുസാഗരം, ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, തലമുറകൾ
(4) ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, തലമുറകൾ, ഗുരുസാഗരം

**31.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** | |
|---|---|---|---|
| a. | കളരിമാറി ഞാൻ കച്ചകെട്ടാമിനി;<br>കളിയരങ്ങൊന്നു മാറി നോക്കാമിനി | i. | എൻ. വി. കൃഷ്ണവാരിയർ |
| b. | ആ മഹാസിദ്ധികൾ മാഞ്ഞുപോയ്, പ്രാണനിൽ<br>പ്പാഴ്മഞ്ഞു വീഴുകയായിന്ന് | ii. | ഇടപ്പള്ളി |
| c. | കഷ്ടമപൂർണ്ണത കൊണ്ടെന്തിനിങ്ങനെ<br>കെട്ടിപ്പടുത്തതിലോകം | iii. | കുറ്റിപ്പുറം |
| d. | അകലെ വണിക്കുകൾ വില പേശുന്നൂ കൂടാരങ്ങളിൽ<br>എങ്ങും യാചകരലയുന്നു. | iv. | ബാലമണിയമ്മ |
| | | v. | ചങ്ങമ്പുഴ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | v | i | ii |
| (2) | ii | iv | iii | v |
| (3) | ii | iv | v | i |
| (4) | ii | iv | i | v |

**32.** **കാര്യം** : ഭാരതീയ സഹൃദയ സങ്കല്പവും രചനാ പദ്ധതിയും മുൻനിർത്തി ആധുനിക കവിതയെ സമീപിക്കാൻ കഴിയില്ല.

**കാരണം** : (a) ആധുനിക കവിത മലയാള കവിതാ രചനയുടെ നിലവിലുള്ള രീതിയോട് വിമുഖതകാട്ടി.

(b) വൃത്തം, അലങ്കാരം എന്നിവയിലൂടെ ഭാവാവിഷ്ക്കാരം നടത്തുന്നതിൽ ആധുനിക കവിത താല്പര്യം പുലർത്തിയില്ല.

(c) ആധുനിക കവിത ആസ്വദിക്കണമെങ്കിൽ അത്തരം കവിതകൾ വായിച്ചുള്ള അനുഭവമാണ് ആവശ്യം.

(1) കാര്യം ശരി കാരണം (a) മാത്രം ശരി.

(2) കാര്യം ശരി, കാരണം (a)-ഉം (b)-ഉം മാത്രം ശരി.

(3) കാര്യം ശരി, കാരണം (b)-ഉം (c)-ഉം മാത്രം ശരി.

(4) കാര്യം ശരി, കാരണങ്ങൾ എല്ലാം ശരി.

**33.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** |
|---|---|---|
| a. സുമിത്ര | i. | മയ്യഴിപ്പുഴയുടെ തീരങ്ങളിൽ |
| b. ഉമ്പിച്ചി | ii. | അഗ്നിസാക്ഷി |
| c. ചന്ദ്രിക | iii. | കാലം |
| d. ദേവകി മാനമ്പള്ളി | iv. | ആരാച്ചാർ |
| | v. | മരക്കാപ്പിലെ തെയ്യങ്ങൾ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | v | i | ii |
| (2) | iii | ii | v | iv |
| (3) | iii | iv | i | v |
| (4) | iii | i | iv | ii |

**34.** ചേരുംപടി ചേർക്കുക.

| **പട്ടിക I** | | **പട്ടിക II** |
|---|---|---|
| a. കുറ്റവും ശിക്ഷയും | i. | ആനി ജോസഫ് |
| b. പാവങ്ങൾ | ii. | പി.കെ. കരുണാകര മേനോൻ |
| c. അന്നാകരിനീന | iii. | എൻ.കെ. ദാമോദരൻ |
| d. കാരമസോവ് സഹോദരന്മാർ | iv. | എസ്.കെ. വസന്തൻ |
| | v. | നാലപ്പാട്ട് നാരായണ മേനോൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | ii | i | v | iv |
| (2) | i | ii | iii | v |
| (3) | ii | v | i | iii |
| (4) | ii | v | iii | i |

**35.** കാലക്രമത്തിൽ ശരിയായ ഗണമേത്

(1) ഹോർത്തൂസ് മലബാറിക്കസ്, സംക്ഷേപ വേദാർത്ഥം, മലയാള ഭാഷാ വ്യാകരണം, ഉദയം പേരൂർ സൂനഹദോസിന്റെ കാനോനുകൾ

(2) ഉദയം പേരൂർ സൂനഹദോസിന്റെ കാനോനുകൾ, ഹോർത്തൂസ് മലബാറിക്കസ്, സംക്ഷേപ വേദാർത്ഥം, മലയാള ഭാഷാ വ്യാകരണം

(3) മലയാള ഭാഷാ വ്യാകരണം, സംക്ഷേപ വേദാർത്ഥം, ഉദയം പേരൂർ സൂനഹദോസിന്റെ കാനോനുകൾ, ഹോർത്തൂസ് മലബാറിക്കസ്

(4) സംക്ഷേപ വേദാർത്ഥം, ഹോർത്തൂസ് മലബാറിക്കസ്, മലയാള ഭാഷാ വ്യാകരണം, ഉദയം പേരൂർ സൂനഹദോസിന്റെ കാനോനുകൾ

**36.** മലയാള ലിപിയിൽ ബെഞ്ചമിൻ ബയ്‌ലി വരുത്തിയ പരിഷ്ക്കാരങ്ങൾ

a. ലിപികളുടെ എണ്ണം അഞ്ഞൂറാക്കി

b. ചതുരവടിവിൽ നിന്ന് വട്ടവടിവിലേക്ക് മാറ്റി

c. കൂട്ടക്ഷരങ്ങളെ പിരിച്ചെഴുതുന്ന രീതി സ്വീകരിച്ചു

(1) മൂന്നും ശരി | (2) (a), (c) എന്നിവ മാത്രം ശരി

(3) (a), (b) എന്നിവ മാത്രം ശരി | (4) (b), (c) എന്നിവ മാത്രം ശരി

**37.** ശരിയായ രചനാക്രമം ഏത് ?

(1) കല്യാണീ നാടകം – ലക്ഷ്മീ കല്യാണ നാടകം – എമ്പ്രായക്കുട്ടി – ചക്കീ ചങ്കരം

(2) ലക്ഷ്മീ കല്യാണ നാടകം – കല്യാണീ നാടകം – എമ്പ്രായക്കുട്ടി – ചക്കീ ചങ്കരം

(3) എമ്പ്രായക്കുട്ടി – കല്യാണീ നാടകം – ലക്ഷ്മീ കല്യാണ നാടകം – ചക്കീ ചങ്കരം

(4) കല്യാണീ നാടകം – എമ്പ്രായക്കുട്ടി – ലക്ഷ്മീ കല്യാണ നാടകം – ചക്കീ ചങ്കരം

**38.** "അവനു തോന്നുമ്പോൾ അവൻ കർട്ടനുയർത്തിയാൽ
എനിക്കു തോന്നുമ്പോൾ ഞാൻ നാടകം കളിക്കും"
"അതു തീരുമാനിക്കേണ്ടയാൾ ഞാനാണല്ലോ" – ഈ സംഭാഷണത്തിൽ ആരംഭിക്കുന്ന നാടകം

(1) സി.ജെ. തോമസിന്റെ 1128-ൽ ക്രൈം 27

(2) ശ്രീകണ്ഠൻ നായരുടെ കലി

(3) തോപ്പിൽ ഭാസിയുടെ കയ്യും തലയും പുറത്തിടരുത്

(4) കെ.ടി. മുഹമ്മദിന്റെ സൃഷ്ടി

**39.** **കാര്യം** : എൻ.എൻ. പിള്ളയുടെ രചനാരീതി പതിവു പ്രൊഫഷണൽ നാടക രീതിയിൽ നിന്ന് വ്യത്യസ്തവും ശ്രദ്ധേയവുമായിരുന്നു.

**കാരണം** : (a) പിള്ളയുടെ രചനകളിൽ ഭാരതീവൃത്തി (സംഭാഷണം)ക്കുള്ള പ്രാധാന്യം.

(b) അങ്കങ്ങളുടെയും കഥാപാത്രങ്ങളുടെയും എണ്ണക്കുറവ്.

(c) സ്വീകൃത പ്രമേയത്തിന്റെ സമഗ്രപ്രകാശനത്തിന് ആവശ്യമല്ലാത്ത ഘടകങ്ങളുടെ നിരാസം.

(d) നായക കഥാപാത്രങ്ങളുടെ അതിമാനുഷഭാവം.

(1) കാര്യം ശരി, കാരണം (a)-ഉം (d)-ഉം ശരി.

(2) കാര്യം ശരി, കാരണം (a), (b), (c) എന്നിവ ശരി.

(3) കാര്യം ശരി, കാരണം (c) മാത്രം ശരി.

(4) കാര്യം ശരി, കാരണം (c)-ഉം (d)-ഉം ശരി.

**40.** ചേരുംപടി ചേർക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| a. | ഒരുവട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന തിരുമുറ്റത്തെത്തുവാൻ മോഹം | i. | ശ്രീകുമാരൻ തമ്പി |
| b. | അല്ലിയാമ്പൽ കടവിലന്നരയ്ക്കുവെള്ളം അന്നു നമ്മളൊന്നായ് തുഴഞ്ഞില്ലേ. | ii. | ബിച്ചു തിരുമല |
| c. | ചക്രവർത്തിനീ നിനക്കു ഞാനെന്റെ ശില്പഗോപുരം തുറന്നൂ | iii. | ഒ.എൻ.വി. കുറുപ്പ് |
| d. | ഉത്തരാ സ്വയംവരം കഥകളി കാണുവാൻ ഉത്രാടരാത്രിയിൽ പോയിരുന്നു. | iv. | പി. ഭാസ്കരൻ |
| | | v. | വയലാർ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | v | i | ii |
| (2) | iii | iv | ii | v |
| (3) | iii | iv | v | i |
| (4) | iv | iii | ii | i |

**41.** "ഇതും പറഞ്ഞ് അർജ്ജുനനിൽ നിന്ന് കൃഷ്ണൻ കൈയ്യെടുക്കുന്നു. ഉറക്കെയുറക്കെ അട്ടഹസിച്ചുകൊണ്ട് കടന്നു പോകുമ്പോൾ തന്റെ ചുമലിൽ കൈവെച്ച് പറയുകയാണ് : "ധർമ്മത്തിനുവേണ്ടി ഇനിയും പലതും ബലി കൊടുക്കേണ്ടിവരും. ഭീമസേനാ, ബലവാനായ നീ അതു ചെയ്യും എനിക്കറിയാം" – ഏതു കൃതി ? ആരുടേത് ?

(1) രണ്ടാമൂഴം – എം.ടി. വാസുദേവൻ നായർ
(2) ഭഗവാന്റെ അട്ടഹാസം – ഉറൂബ്
(3) ഇനി ഞാനുറങ്ങട്ടെ – പി.കെ. ബാലകൃഷ്ണൻ
(4) ശ്രീ ചക്രം – കാക്കനാടൻ

**42.** ആധുനികാനന്തര കഥ :

(a) വ്യവസ്ഥാപിതമായ ധാർമ്മിക വ്യവസ്ഥകളെ പൂർണ്ണമായും നിരാകരിക്കുന്നില്ല.
(b) സാധാരണ ജീവിതാനുഭങ്ങൾ ആവിഷ്ക്കരിക്കുന്നില്ല.
(c) ശരീരം എഴുത്തിന്റെ ഒരു കേന്ദ്രവിഷയമാകുന്നു.
(d) ദലിത്, സ്ത്രീ, പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നു.

(1) (a), (b), (d) എന്നിവ ശരി
(2) (a), (c), (d) എന്നിവ ശരി
(3) നാലും ശരി
(4) (c), (d) എന്നിവ മാത്രം ശരി

**43.** നാരായന്റേതല്ലാത്ത ചെറുകഥ

(1) തേൻ വരിക്ക
(2) ഈനാം ചക്കി
(3) തലയ്ക്കും മുലയ്ക്കും കരം
(4) പന്തിഭോജനം

**44.** 'പിതൃ ഘടികാരം' എന്ന കൃതി

(1) നോവൽ
(2) പഠനം
(3) ചെറുകഥ
(4) വിവർത്തനം

**45.** "തങ്ങളുടെ ഭാഷ നിലനിൽക്കുന്നിടത്തോളംകാലം കേരളീയർ ഏറ്റവുമധികമായി ഓമനിക്കാനിടയുള്ള രണ്ടേ രണ്ടു കവികൾ മാത്രമേ ഇന്നുവരെ ഈ മണ്ണിൽ ജനിച്ചിട്ടുള്ളൂ" – എന്ന് കേസരി ബാലകൃഷ്ണപിള്ള പ്രസ്താവിക്കുന്നത് ഏതു കവികളെപ്പറ്റിയാണ് ?

(1) എഴുത്തച്ഛനും കുമാരനാശാനും
(2) കുമാരനാശാനും കെടാമംഗലം പപ്പുക്കുട്ടിയും
(3) കുഞ്ചൻനമ്പ്യാരും ചങ്ങമ്പുഴയും
(4) എഴുത്തച്ഛനും കുഞ്ചൻ നമ്പ്യാരും

**46.** നോവലിന്റെ പരിണാമ ചരിത്രത്തിൽ ബക്തിൻ ചൂണ്ടിക്കാട്ടുന്ന രണ്ട് അടിസ്ഥാന വ്യത്യാസങ്ങൾ

(a) സ്ഥലകാലങ്ങളോടുള്ള മനോഭാവങ്ങൾ

(b) ഭാഷയോടുള്ള മനോഭാവങ്ങൾ

(c) പ്രമേയ വൈവിധ്യങ്ങൾ

(1) (a) ഉം (b) ഉം ശരി (2) (a) മാത്രം ശരി

(3) (a) ഉം (c) ഉം ശരി (4) (b) ഉം (c) ഉം ശരി

**47.** വേഡ്സ്വർത്തിന്റെ അഭിപ്രായത്തിൽ കാവ്യത്തിന് ഏറ്റവും ഉചിതമായ ഭാഷ

(1) പ്രൗഢമായ പ്രാചീന ഭാഷ

(2) നിയോക്ലാസിക് ഭാഷ

(3) വികാരജന്യമായ കാല്പനിക ഭാഷ

(4) ഗ്രാമീണ ഭാഷ

**48.** മമ്മടൻ ചൂണ്ടിക്കാട്ടുന്ന കാവ്യഹേതുക്കൾ

(a) ശക്തിയും നിപുണതയും

(b) ശാസ്ത്രം കാവ്യം എന്നിവയുടെ അനുസന്ധാനം

(c) അഭ്യാസം

(d) അലങ്കാരവും വൃത്തവും

(1) (a) മാത്രം ശരി (2) (a) ഉം (b) ഉം ശരി

(3) (a) ഉം (b) ഉം (c) ഉം ശരി (4) (d) മാത്രം ശരി

**49.** രസം പ്രതീതമാകുന്നില്ല; ഉത്പന്നമാകുന്നില്ല; അഭിവ്യക്തമാകുന്നില്ല. സംഭവിക്കുന്നത് ഭോജകത്വമാണ് എന്നു സിദ്ധാന്തിച്ചത്

(1) ലൊല്ലടൻ (2) ഭട്ടനായകൻ

(3) ശങ്കുകൻ (4) അഭിനവഗുപ്തൻ

**50.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | പുക കണ്ടു തീയുണ്ടെന്ന് അനുമാനിക്കുന്നത് | i. | സാമാന്യ വിശേഷഭാവം |
| b. | ചെടി നിൽക്കുന്നതുകണ്ട് അടിയിൽ വേരുണ്ടെന്നൂഹിക്കുന്നത് | ii. | ധർമ്മാധർമ്മീഭാവം |
| c. | നിലാവുകണ്ട് ചന്ദ്രനുദിച്ചു വെന്ന് ഊഹിക്കുന്നത് | iii. | പൗരവാപര്യം |
| d. | ജീവികൾക്കെല്ലാം മരണ മുണ്ടെന്നറിഞ്ഞ് തനിക്കും മരിക്കേണ്ടിവരുമെന്ന് അറിയുന്നത് | iv. | കാര്യകാരണഭാവം |
| | | v. | അവയാവയവ വിഭാവം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | v | ii | i |
| (2) | v | iii | i | ii |
| (3) | iv | iii | i | v |
| (4) | v | iv | iii | i |

51. പ്ലേറ്റോ പ്രചോദനത്തെ (inspiration)പ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥം

(1) സിമ്പോസിയം (2) അപ്പോളജി

(3) ഇയോൺ (4) റിപ്പബ്ലിക്

52. ആദ്യത്തെ കാല്പനിക നിരൂപകൻ എന്ന് സ്കോട്ട് ജയിംസ് വിശേഷിപ്പിക്കുന്നത് ആരെയാണ് ?

(1) കോളറിഡ്ജ് (2) ലോംഗിനസ്

(3) അരിസ്റ്റോട്ടിൽ (4) ദാന്തെ

53. ചേരുംപടി ചേർക്കുക.

| പട്ടിക I | പട്ടിക II |
|---|---|
| a. നാചുറലിസം | i. എസ്രാ പൗണ്ട് |
| b. ഫ്യൂച്ചറിസം | ii. ആന്ദ്രേബ്രട്ടൺ |
| c. എക്സിസ്റ്റൻഷ്യലിസം | iii. എമിലി സോള |
| d. സർറിയലിസം | iv. എഫ്.ടി. മാറിനെറ്റി |
| | v. സോറൻ കീർക്കഗോഡ് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | iv | v | ii |
| (2) | iv | iii | ii | v |
| (3) | iii | ii | i | v |
| (4) | i | iii | iv | ii |

54. സ്ഥായീഭാവം അല്ലാത്തത്

(1) രോമാഞ്ചം (2) രതി

(3) ശോകം (4) ഭയം

55. ‘മാനിഫെസ്റ്റോ ഓഫ് ദി ആന്റി ഫാസിസ്റ്റ് ഇന്റലക്ചൽസ്’ – എഴുതിയത്

(1) ടോൾസ്റ്റോയ് (2) ബനഡിറ്റോ ക്രോച്ചേ

(3) ദറിദ (4) അന്റോണിയോ ഗ്രാംഷി

56. ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാൻ അനുവാദം നൽകിക്കൊണ്ട് വിളംബരം ചെയ്തത്

(1) ആയില്യം തിരുനാൾ (2) സ്വാതിനിരുനാൾ

(3) ഉമയമ്മറാണി (4) ഉത്രം തിരുനാൾ

57. ‘ചിരകാലം രാജ്യത്തിനോർമ്മയിലൊക്ടോബ
റിരുപത്തിയേഴു തെളിഞ്ഞു മിന്നും’ – എന്ന പി. ഭാസ്കരന്റെ കവിതയിൽ സൂചിതമാകുന്ന പ്രസിദ്ധ സമരം

(1) മേൽമുണ്ടു സമരം (2) വിമോചന സമരം

(3) പുന്നപ്ര വയലാർ സമരം (4) കയ്യൂർ സമരം

58. താഴെക്കൊടുത്തിരിക്കുന്നതിൽ വാസ്തുവിദ്യാഗ്രന്ഥം

(1) മനുഷ്യാലയ ചന്ദ്രിക (2) ആര്യഭടീയം

(3) യുക്തിഭാഷ (4) മാതംഗലീല

**59.** ഇന്ത്യയിലെ ഒന്നാമത്തെ വ്യാപാരകേന്ദ്രം മുസിരിസ് ആണെന്ന് എഴുതിയത്

(1) ടോളമി (2) പ്ലിനി

(3) ഇബ്നുബത്തൂത്ത (4) അൽബിറൂനി

**60.** 'മടലേറൽ' എന്നത്

(1) മധ്യകാല കേരളത്തിലെ നികുതി

(2) പോർച്ചുഗീസുകാരെ തോല്പ്പിച്ച പീരങ്കി

(3) പൊതുവഴിയിൽ നടക്കാനുള്ള സമരം

(4) സംഘകാലത്തെ സത്യാഗ്രഹ രീതി

**61.** തൊടീക്കളം ക്ഷേത്രം ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു.

(1) ചുമർചിത്രം (2) തിടമ്പുനൃത്തം

(3) പൂരക്കളി (4) മംഗലം കളി

**62.** 'നെയ്തൽ' ഏതു ഭൂപ്രദേശമാണ് ?

(1) വരണ്ട പ്രദേശം (2) വയൽപ്രദേശം

(3) കടൽക്കര (4) കുന്നുപ്രദേശം

**63.** വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട വ്യക്തി

(1) കെ.എ. ദാമോദര മേനോൻ (2) മുഹമ്മദ് അബ്ദുറഹിമാൻ

(3) ടി.കെ. മാധവൻ (4) സ്വദേശാഭിമാനി

**64.** മൂഷികവംശത്തിൽ പരാമർശിക്കുന്ന ബുദ്ധമതകേന്ദ്രം

(1) ശ്രീമൂലവാസം (2) തിരുന്നാവായ

(3) കല്ലിൽ ഗുഹ (4) ആലുവ

**65.** അടിമത്തം നിരോധിച്ച രാജവംശം

(1) കോലത്തിരി (2) സാമൂതിരി

(3) കൊച്ചി (4) തിരുവിതാംകൂർ

**66.** താഴെക്കൊടുത്തിരിക്കുന്നതിൽ വിഭക്ത്യാഭാസത്തിൽ പെടാത്തത്

(1) വെയിലിലോട്ട് ഇറങ്ങി (2) വെയിലിലേക്കിറങ്ങി

(3) വെയിലിൽ ഇറങ്ങി (4) വെയിലത്തിറങ്ങി

**67.** ഇതിൽ വിനയെച്ചമാകാൻ സാധ്യതയില്ലാത്തത്

(1) ചാടി (2) ചാടിയ

(3) ചാടാൻ (4) ചാടിയാൽ

**68.** ചേരുംപടി ചേർക്കുക.

| | **പട്ടിക I** | | **പട്ടിക II** |
|---|---|---|---|
| a. | വന്ന കുട്ടി | i. | വർത്തമാന പേരെച്ചം |
| b. | വരും കാലം | ii. | മുൻവിനയെച്ചം |
| c. | ചാടിക്കേറി | iii. | ഭൂതപേരെച്ചം |
| d. | കേമമായി നടന്നു | iv. | ഭാവിപേരെച്ചം |
| | | v. | വിഭാവകം |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | iv | ii | v |
| (2) | iii | ii | i | iv |
| (3) | iii | iv | v | i |
| (4) | iv | ii | i | v |

**69.** ആദേശസന്ധി അല്ലാത്തത്

(1) തങ്ങൾ (2) മരങ്ങൾ

(3) വിണ്ടലം (4) മണ്ടരി

**70.** അനുനാസിക സംസർഗ്ഗവും അനുനാസികാതിപ്രരവും വന്നതെന്ന് പറയപ്പെടുന്ന രൂപം

(1) മൂന്ന് (2) മാങ്ങ

(3) കഞ്ഞി (4) തേങ്ങ

**71.** 'നിറഞ്ഞു' എന്ന ഇന്നത്തെ രൂപത്തിൽ കേരളപാണിനിയുടെ ആറു നയങ്ങളിൽ പ്രസക്ത-മല്ലാത്തത്

(1) താലവ്യാദേശം (2) സ്വരസംവരം

(3) അനുനാസികാതിപ്രസരം (4) അംഗഭംഗം

**72.** മാനസ്വരങ്ങൾ ചിട്ടപ്പെടുത്തിയത്

(1) ഫെർഡിനാന്റ് സൊസ്യൂർ (2) ഡാനിയേൽ ജോൺസ്

(3) ബ്ലൂം ഫീൽഡ് (4) നോം ചോംസ്കി

**73.** 'വെണ്ണീർ' എന്ന പദത്തിന്റ സന്ധിയിൽ ബാധകമായ ഒരു ലീലാതിലക സൂത്രം

(1) ളോനേ (2) ലോനപഞ്ചമേഷു

(3) ണനസ്തസ്യ ടഃ (4) നേനഃ

**74.** 'കേന്ദ്ര മേഖല' വരുന്ന പഠന ശാഖ

(1) സ്വനപഠനം (2) വാക്യപഠനം

(3) ഭാഷാഭേദപഠനം (4) നിരുക്തിപഠനം

**75.** പ്രാതിശാഖ്യങ്ങൾ ചർച്ച ചെയ്യുന്നത്

(1) അർത്ഥപഠനം (2) സ്വനപഠനം

(3) വാക്യപഠനം (4) രൂപിമപഠനം

**Space For Rough Work**